**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5444** **05-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. ആർ. സുനിൽകുമാർ | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഏതൊക്കെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ കെട്ടിട നിർമ്മാണമാണ് പൂർത്തിയാകാതെയുള്ളതെന്നും അതിന്റെ കാരണങ്ങളും അറിയിക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ നിർമ്മാണം പൂർത്തിയാകാത്ത കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്<br><br>• പ്ലാൻ ഫണ്ട് ഉപയോഗിച്ച് M/s. Hindustan Lifecare Limited മുഖേന കെട്ടിടം പണി പൂർത്തിയായിട്ടുണ്ട്.<br><br>Pollution Control Board-ന്റെ NOC, Building Number എന്നിവ ലഭിക്കാനുണ്ട്.<br><br>2. പത്തനംതിട്ട ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്<br><br>• എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് PWD മുഖേന നിർമ്മാണം നടന്നു വരുന്ന Sewage Treatment Plant Work-ന്റെ സിവിൽ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. Electro Mechanical പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ടി പ്രവൃത്തി പൂർത്തീകരിച്ചാൽ മാത്രമേ സിവിൽ പ്രവൃത്തികൾ പൂർത്തീയാക്കാൻ സാധിക്കുകയുള്ളയെന്ന് PWD അറിയിച്ചിട്ടുണ്ട്.<br>• എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് PWD മുഖേന നിർമ്മിക്കുന്ന Canopy Work-ന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല. PWD-ൽ നിന്നും drawing ലഭ്യമാകുന്നതിനുള്ള കാലതാമസം നേരിട്ടതിനാലാണ് പ്രവൃത്തി ആരംഭിക്കാൻ വൈകിയത്.<br>• ലിഫ്റ്റിന്റെ 80% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ബാലൻസ് പ്രവൃത്തികൾ M/s. Hindustan Lifecare Limited |

ആദ്യത്തെ ഷെഡ്യൂളിൽ ഉൾപ്പെടുത്താതെ രണ്ടാമത് ടെണ്ടർ ചെയ്യതാണ് ടി പ്രവൃത്തി വൈകാൻ കാരണമായത്.

പ്ലാൻ ഫണ്ട് ഉപയോഗിച്ച് M/s. Hindustan Lifecare Limited മുഖേന നിർമ്മാണം നടത്തുന്ന Fire & Safety പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്.

3. തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്

- M/s. Hindustan Lifecare Limited മുഖേന Bus Terminal Shopping Complex-ന്റെ Balance പ്രവൃത്തികൾ 90% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.
- ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള സിവിൽ & ഇലക്ട്രിക്കൽ പ്രവൃത്തികൾ പൂർത്തിയാക്കാനുണ്ട്.
- Sewage Treatment Plant-ന്റെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇലക്ട്രോമെക്കാനിക്കൽ പ്രവൃത്തികൾക്കായി എഗ്രിമെന്റ് ഒപ്പിട്ടെങ്കിലും സിവിൽ പ്രവൃത്തികളുടെ ബിൽ തുക നൽകാത്തതിനാൽ ടി പ്രവൃത്തി ആരംഭിച്ചിട്ടില്ല. ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.
- Fire & Safety പ്രവൃത്തിയ്ക്കായുള്ള NOC ലഭിച്ചിട്ടില്ല.

4. ബസ് സ്റ്റേഷൻ ബിൽഡിംഗ് കോന്നി

- പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന ബസ് സ്റ്റേഷന്റെയും ഗാരേജിന്റെയും സിവിൽ പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്.
- ബിൽ തുക നൽകാത്തതിനാലാണ് ബസ്സ് സ്റ്റേഷൻ നിർമ്മാണം മുടങ്ങിയത്. നിലവിൽ ടി പ്രവൃത്തി M/s Hindustan Lifecare Limited മുഖേന നടന്നു വരുന്നു.

5. bay garage & Administrative building ചെങ്ങന്നൂർ

- MLA ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടത്തിന്റെ ബാലൻസ് പ്രവൃത്തികൾ ചെയ്യുന്നതിന് M/s. Hindustan Lifecare Limited-നെ ചുമതലപ്പെടുത്തിയിരുന്നു.
- എന്നാൽ M/s. Hindustan Lifecare Limited പ്രസ്തുത ഷെഡ്യൂളിൽ Fire & Safety

| | | | |
|---|---|---|---|
| | | | പ്രവൃത്തികൾ ഉൾപ്പെടുത്താതിരുന്നതിനാൽ നാളിതുവരെയായി കെടിട നമ്പർ ലഭ്യമായിട്ടില്ല.<br><br>6. മൂവാറ്റുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്<br><br>• പ്ലാൻ ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന phase-1 ന്റെ 90% പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. Payment യഥാസമയം നൽകാത്തതിനാലാണ് ടി പ്രവൃത്തി പൂർത്തീകരിക്കാതിരുന്നത്.<br>• Sewage Treatment Plant യുടെ സിവിൽ പ്രവൃത്തികൾ പൂർത്തീകരിച്ചു.<br><br>7. Construction of 12 Bay Garage & Yard Work കണ്ണൂർ<br><br>• Jawaharlal Nehru National Urban Renewal Mission (JnNURM) ഫണ്ട് വിനിയോഗിച്ച് നിർമ്മാണം നടത്തിയ ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 50% പൂർത്തീകരിച്ചിട്ടുണ്ട്.<br>• Bus Station Yard ന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.<br>• കരാറുകാരന് യഥാസമയം ബിൽ തുക ലഭിക്കാത്തതിനാൽ ടിയാന്റെ അപേക്ഷ പ്രകാരം ടിയാനെ പ്രസ്തുത പ്രവർത്തിയിൽ നിന്നും ഒഴിവാക്കുകയുണ്ടായി.<br><br>8. മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്<br><br>• പ്ലാൻ ഫണ്ട് വിനിയോഗിച്ച് M/s. Hindustan Lifecare Limited മുഖേന ചെയ്തുവന്നിരുന്ന Lower Level-II ന്റെ 80% പ്രവർത്തികൾ പൂർത്തിയായിട്ടുണ്ട്. ബാക്കി പ്രവർത്തികൾ പൂർത്തീകരിച്ചുവരുന്നു.<br>• ഫസ്റ്റ് ഫ്ലോർ, Level-1 എന്നിവയുടെ ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കുവാനുണ്ട്. |
| (ബി) | ആയത് പരിഹരിക്കുന്നതിനും കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ? | (ബി) | കെ.എസ്.ആർ.ടി.സി.യിലെ കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.<br><br>1. ഹരിപ്പാട് ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്<br><br>• Pollution Control Board-ന്റെ NOC, Building Number എന്നിവ |

ലഭ്യമാകുന്നതിനുള്ള നടപടികൾ M/s. Hindustan Lifecare Limited മുഖേന സ്വീകരിച്ച് വരുന്നു. ആയതിനുള്ള ഡ്രോയിംഗുകൾ നഗരസഭയിൽ നൽകിയിട്ടുണ്ട്.

2. പത്തനംതിട്ട ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്

- Sewage Treatment Plant -യുടെ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് Pollution Control Board-ന്റെ NOC ലഭ്യമാകുന്നതാണ്.
- രണ്ട് മാസത്തിനകം Sewage Treatment Plant പ്രവൃത്തി പൂർത്തീകരിക്കുമെന്ന് PWD അറിയിച്ചിട്ടുണ്ട്.
- Canopy work-നു വേണ്ടി PWD സമർപ്പിച്ച Architectural Drawing KSRTC അംഗീകരിച്ച് നൽകിയിട്ടുണ്ട്.
- PWD-യുടെ Architectural Wing-ന്റെ Final approval ലഭ്യമാകുന്ന മുറയ്ക്ക് ടി പ്രവൃത്തി ആരംഭിക്കുന്നതാണെന്ന് PWD അറിയിച്ചിട്ടുണ്ട്.
- ലിഫ്റ്റിന്റെ ബാലൻസ് പ്രവൃത്തികളുടെ നിർമ്മാണത്തിനു വേണ്ടി ടെണ്ടർ നടപടികൾ M/s. Hindustan Lifecare Limited നടത്തി വരുന്നുണ്ട്.

പത്തനംതിട്ട BTSC-യുടെ പൂർത്തീകരണത്തിനായി സർക്കാർ അനുവദിച്ച 3 കോടി രൂപയിൽ ബാക്കിയുള്ള 36 ലക്ഷം രൂപ വിനിയോഗിച്ച് Fire & Safety പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

3. തൊടുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്

- M/s. Hindustan Lifecare Limited മുഖേന Fire & safety പ്രവൃത്തിയ്ക്കായി NOC ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.
- ലിഫ്റ്റിന്റെ സിവിൽ പ്രവൃത്തികളുടെ പേയ്മെന്റ് നൽകിയതിനാൽ ലിഫ്റ്റ് സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ ഉടൻ പുനരാരംഭിക്കുമെന്ന് M/s Hindustan Lifecare Limited അറിയിച്ചിട്ടുണ്ട്.
- Sewage Treatment Plant പ്രവൃത്തികളുടെ Revised Estimate ന് അംഗീകാരം

ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

4. ബസ് സ്റ്റേഷൻ ബിൽഡിംഗ് കോന്നി

- MLA ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന യാർഡിന്റെ നിർമ്മാണ പ്രവൃത്തികൾ PWD മുഖേന നടന്നുവരുന്നു.
- MLA ഫണ്ട് വിനിയോഗിച്ച് നിർമ്മിക്കുന്ന High Mast Light ന്റെ നിർമ്മാണം LSGD മുഖേന നടന്നുവരുന്നു. ടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ബസ് സ്റ്റേഷൻ പ്രവർത്തനസജ്ജമാകുന്നതാണ്.

5. 10 bay garage & Administrative building ചെങ്ങന്നൂർ

- പ്ലാൻ ഫണ്ട് വിനിയോഗിച്ച് Fire & safety പ്രവർത്തികൾ ചെയ്യുന്നതിനുള്ള നടപടികൾ M/s. Hindustan Lifecare Limited മുഖേന സ്വീകരിച്ചു വരുന്നു.
- Fire NOC ലഭ്യമാകുന്ന മുറയ്ക്ക് ബിൽഡിംഗ് നമ്പർ ലഭ്യമാകുന്നതാണ്.

6. മൂവാറ്റുപുഴ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്

- Sewage Treatment Plant-യുടെ ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വകരിച്ചുവരുന്നു.
- മൂവാറ്റുപുഴ BTSC യുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് PWD മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി MLA ഫണ്ടിൽ നിന്നും 4.25 കോടി രൂപ അനുവദിച്ച് ടി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

7. 12 Construction of 12 Bay Garage & Yard Work കണ്ണൂർ

- ഗ്യാരേജിന്റെ ബാലൻസ് വർക്കുകൾ, Yard എന്നിവയുടെ നിർമ്മാണം MLA ഫണ്ട് ഉപയോഗിച്ച് PWD മുഖേന നിർമ്മാണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

8. മലപ്പുറം ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ്

| | | | |
|---|---|---|---|
| | | | • BTSC-യുടെ ground floor, യാർഡ് എന്നിവയുടെ ബാക്കി പ്രവൃത്തികൾ MLA ഫണ്ട് വിനിയോഗിച്ച് PWD മുഖേന ചെയ്യിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.<br>• Level-1, First Floor എന്നീ നിലകളുടെ പൂർത്തീകരണം MLA ഫണ്ട് ലഭ്യമാക്കി PWD മുഖേന ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ